ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ 3 ശതമാനം ഒഴിവുകൾ വികലാംഗരുടെ നിയമനത്തിനായി സംവരണം ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഇല്ല

(ഡി) പ്രസ്തുത ഉത്തരവ് ഇറങ്ങിയതിനുശേഷം 287 പേർക്ക് സീനിയോറിറ്റി അനുസരിച്ച് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. വികലാംഗർക്കായുള്ള സംവരണാനുകൂല്യ പ്രകാരം ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല.

(ഇ, എഫ്) വികലാംഗർക്ക് സൂപ്പർവൈസറി തസ്തികകളിൽ 3 ശതമാനം സംവരണം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് ബോർഡിൽ നടപ്പാക്കുന്നതിന് പി.എസ്.സി.-യുടെ അംഗീകാരം ആവശ്യമാണ്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ബോർഡിന്റെ പരിഗണനയിലാണ്.

മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികകളിലെ നിയമനം

31 [1928] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. എ. സുജനപാൽ:

,, കെ. അച്ചുതൻ:

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ എത്രപേരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു ;

(ബി) ഇവരെ പിരിച്ചുവിട്ട് തൽസ്ഥാനത്ത് പി.എസ്.സി. വഴി നിയമനം നടത്തണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണെന്ന് പറയാമോ ;

(ഡി) എങ്കിൽ ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ പിരിച്ചുവിട്ട് പി.എസ്.സി. വഴി നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ;

(ഇ) ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ അടിയന്തിരമായി പിരിച്ചുവിടുമോ; 2004-ലും 2005-ൽ ഇതുവരെയും മീറ്റർ റീഡർമാരിൽ നിന്നും സബ് എഞ്ചിനീയറായി പ്രൊമോഷൻ നൽകപ്പെട്ടവരെത്ര; മീറ്റർ റീഡർമാർക്ക് പ്രൊമോഷൻ നൽകിയപ്പോൾ മീറ്റർ റീഡർ തസ്കയിലുണ്ടായ ഒഴിവുകൾ പി.എസ്.സി. വഴി നികത്താത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 585 പേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

(ബി, സി) ഉണ്ട്. 9-9-2004-ലെ ഹൈക്കോടതി ഉത്തരവിലാണ് ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) പി.എസ്.സി. മുഖേന 32 മീറ്റർ റീഡർമാരെ 26-11-2004-ൽ നിയമിച്ചിട്ടുണ്ട്. കൂടാതെ 518 പേർക്ക് നിയമനം നൽകാനുള്ള നടപടി പൂർത്തിയായി വരുന്നുണ്ട്.

(ഇ) ഹൈക്കോടതി ഉത്തരവനുസരിച്ച്, കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെയെല്ലാം പിരിച്ചുവിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 324 മീറ്റർ റീഡർമാരെ സബ് എഞ്ചിനീയർമാരായി പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട്. പ്രമോഷൻ വഴി മീറ്റർ റീഡർ തസ്തികയിലുണ്ടായ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കുറഞ്ഞ നിരക്കിൽ താരിഫ് നിർണ്ണയിക്കാൻ നടപടി

32 [1929] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് ഏത് താരീഫ് നിരക്കിലാണ് വൈദ്യുതി ബോർഡ് വൈദ്യുതി നൽകി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ചെറുകിട-ഗ്രാമപ്രദേശ കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് താങ്ങാനാവാത്ത വൈദ്യുതി നിരക്കാണ് ബോർഡ് പുമത്തിയിരിക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കോർപ്പറേഷൻ, ജില്ലാ ആസ്ഥാനം, മുനിസിപ്പാലിറ്റി, താലൂക്കാസ്ഥാനം, പഞ്ചായത്തുകൾ, പിന്നോക്ക പ്രദേശങ്ങൾ ഇങ്ങനെ അഞ്ചു വിഭാഗങ്ങളാക്കി തിരിച്ച് വൈദ്യുതി നിരക്ക് പുനർ നിർണ്ണയിക്കുന്നകാര്യം പരിഗണിക്കുമോ ;

(ഡി) കേബിൾ ടി.വി. ഓപ്പറേഷൻ ഒരു പെരുകിട വ്യവസായമായി പരിഗണിച്ച് ചുരുങ്ങിയ വൈദ്യുതി താരിഫ് നിർണ്ണയിക്കണമെന്ന ആവശ്യം പരിഗണിക്കുമോ ?

ഉത്തരം

(എ) എൽ. റ്റി. VII A (കൊമേഴ്സ്യൽ) നിരക്കിൽ.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇത് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പരിധിയിൽ വരുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly